**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1274** **19-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവാണിയൂർ-വെട്ടിക്കൽ റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2023-2024 -ലെ ബജറ്റിൽ തുക വകയിരുത്തിയതും ഭരണാനുമതി ലഭിച്ചതുമായ തിരുവാണിയൂർ-വെട്ടിക്കൽ റോഡിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | തിരുവാണിയൂർ - വെട്ടിക്കൽ റോഡ് പ്രവൃത്തി കരാർ ഉടമ്പടി വച്ച് കരാറുകാരന് സ്ഥലം കൈമാറി നൽകിയിരുന്നതാണ്. എന്നാൽ JJM പ്രവൃത്തിക്ക് വേണ്ടി KWA റോഡ് മുറിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ആയതിന് 1,68,24,414/- രൂപയുടെ ഡിമാന്റ് നോട്ടീസ് പൊതുമരാമത്ത് വകുപ്പിൽ നിന്ന് KWA -യ്ക്ക് അയക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ റെസ്റ്റോറേഷൻ തുക KWA ഇതുവരെ അടച്ചിട്ടില്ല. JJM പ്രവൃത്തി ഉള്ളതിനാൽ കരാറുകാരന്റെ ആവശ്യപ്രകാരം without risk & cost -ൽ കരാറിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത റോഡിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വിശദാക്കാമോ; | (ബി) | റോഡ് പുനർനിർമ്മിക്കാനാവശ്യമായ റിസ്റ്റോറേഷൻ തുക KWA ഇതുവരെ അടവാക്കിയിട്ടില്ല. |
| (സി) | റോഡ് നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തികരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | JJM ന്റെ പ്രവൃത്തികൾക്ക് ശേഷം KWAഅടവാക്കുന്ന റെസ്റ്റോറേഷൻ തുകയും Original Estimate തുകയും ചേർന്ന തുകയ്ക്ക് ടെണ്ടർ ചെയ്യതിന് ശേഷം മാത്രമേ റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ